(3rd instalment)

ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും, തിരുവനന്തപുരം ജനറൽ ആശുപത്രിയും ചേർത്ത് പുതിയ മെഡിക്കൽ കോളേജാക്കി മാറ്റിക്കൊണ്ട് 16-6-2015-ൽസ.ഉ.(സാധാ) നം.1821/2015/ആ.ക.വ.പ്രകാരം ഉത്തരവായിട്ടുണ്ട്.

പരിക്കേറ്റവർക്കും ടോമാ കേസുകൾക്കും സൗജന്യ ചികിത്സ

99 (2376) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽ പരിക്കേറ്റവർക്കും ടോമോ കേസുകൾക്കും നൂറ് ശതമാനം സൗജന്യ ചികിത്സ ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലത്ത് ഇവ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും ഇതിനായി ഓരോ ബഡ്ജറ്റിലും എത്ര തുകകൾ വീതം നീക്കി വച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) എവിടെയെങ്കിലും ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം; ഇതിനായി സംസ്ഥാന ബജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യത്തിൽ ഒരു പ്രഖ്യാപനം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ കേന്ദ്ര സഹായത്തോടെ ദേശീയ പാതയോരങ്ങളിലുള്ള ആശുപത്രികളിൽ ടോമാ കെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിൽ കേന്ദ്ര സഹായമായി 7,70,000 രൂപ ലഭിക്കുകയും ആ തുക ദേശീയ ആരോഗ്യ മിഷൻ വഴി വിവിധ ആശുപത്രികളിൽ ടോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി വിനിയോഗിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ കോളേജുകളിലെ ടോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2015-16 വർഷത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 3.675 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011-12 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ആലത്തൂർ, കായംകുളം, തിരുവല്ല, തലശ്ശേരി ചാലക്കുടി, ജില്ലാ ആശുപത്രി കൊല്ലം, കണ്ണൂർ, പേരൂർക്കട, കാസർഗോഡ് എന്നിവിടങ്ങളിൽ കാഷ്യാലിറ്റി വിഭാഗത്തിലെ ടോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 134.40 ലക്ഷം രൂപ അനുവദിച്ചു. 2012-13 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്, കരുനാഗപ്പള്ളി, തൊടുപുഴ, നോർത്ത് പറവൂർ, തിരൂർ, കൊയിലാണ്ടി, ബത്തേരി, ഒറ്റപ്പാലം, നിലമ്പൂർ, ജനറൽ ആശുപത്രി, ആലപ്പുഴ എന്നിവിടങ്ങളിൽ ടോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തന ത്തിന് ഉപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിനുമായി 200 ലക്ഷം രൂപ അനുവദിച്ചു. 2013-14 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല, കായംകുളം, ചാലക്കുടി, ആലത്തൂർ, താമരശ്ശേരി, ജില്ലാ ആശുപത്രി, കാസർഗോഡ്, കൊല്ലം, താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ ട്രോമാ കെയർ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 300 ലക്ഷം രൂപ അനുവദിച്ചു.

2014-15 വർഷത്തിൽ ജനറൽ ആശുപത്രി, ആലപ്പുഴ, എറണാകുളം, നെയ്യാറ്റിൻകര, ജില്ലാ ആശുപത്രി, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക് 142 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 337.28902 ലക്ഷം രൂപയും അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

108 ആംബുലൻസ് സംവിധാനം

100 (2378) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഉണ്ടായിരുന്ന പ്രസ്തുത സംവിധാനത്തെ നിലവിലെ സ്ഥിതിയുമായി താരതമ്യം ചെയ്ത് വിശദമാക്കാമോ;

(സി) 2012-13 ബഡ്ജറ്റിൽ പ്രസ്തുത ആവശ്യത്തിനായി 40 കോടി രൂപ വകയിരുത്തിയിട്ടും പ്രസ്തുത സംവിധാനത്തെ ശരിയായ രീതിയിൽ പരിപാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നറിയിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21-4-2012-ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം

LIBRARY ARCHIVES Kerala Legislative Assembly